

FRIDAY 12-11-2021 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -12/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ അപേക്ഷിക്കേണ്ടതാണ്. നിലവിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് **12/10/2021 മുതൽ 30/10/2021** വരെയുള്ള ദിവസങ്ങളിൽ കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും നഷ്ടപരിഹാരത്തിന് അപേക്ഷിക്കേണ്ട തീയതി ഈ മാസം **15 വ**രെ (15/11/2021) ദീർഘിപ്പിച്ചിട്ടുണ്ട്.

2. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചക്കറികളായ കാബേജ്, കോളിഫ്ളവർ എന്നിവയുടെ തൈകളും പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (CO-1), ചുരയ്ക്ക (അർക്ക ബഹാർ) എന്നീ ഇനങ്ങളുടെ നാടൻ വിത്തുകളും സാലഡ് കുക്കുമ്പർ (KPCH-1), പീച്ചിങ്ങ (KRH-1) തണ്ണിമത്തൻ (സ്വർണ്ണ, ശോണിമ, ഷുഗർബേബി) എന്നീ ഹൈബ്രിഡ് ഇനങ്ങളുടെ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

3. 2018, 2019 വർഷങ്ങളിൽ **'റബ്ബർ ആവർത്തനകൃഷി/പുതുകൃഷി'** നടത്തിയ കർഷകരിൽ നിന്ന് ധനസഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്കു വിധേയമായി ഒരു ഹെക്ടറിന് 25,000/ രൂപ എന്ന നിരക്കിൽ ധനസഹായത്തിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ **സർവ്വീസ് പ്ലസ് വെബ്** പോർട്ടലിലൂടെ ഓൺലൈനായി നവംബർ 30-നകം അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷി ചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കും നോമിനേഷൻ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവയുമായും ബന്ധപ്പെടാവുന്നതാണ്.

4. നിരണം സർക്കാർ താറാവു വളർത്തൽ കേന്ദ്രത്തിൽ നിന്നും 70 ദിവസത്തിന് മുകളിൽ പ്രായമുള്ള ബ്രോയിലർ ഇനത്തിൽപ്പെട്ട വിഗോവ താറാവുകളെ താറാവ് ഒന്നിന് 325 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0469-2711898** എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കാർഷിക ഉത്പാദനവും കർഷകന്റെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൊല്ലം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിക്കുന്ന **അതിജീവനം** 2021 ൽ ഇന്ന് (12.11.2021) രാവിലെ 10 മണിയ്ക്ക് **ചെറുതേനീച്ച വളർത്തൽ ആരോഗ്യത്തിനും വരുമാനത്തിനും** എന്ന വിഷയത്തിലും ഉച്ചയക്ക് 2 മണിക്ക് **കാർഷികമേഖലയിൽ കാലാവസ്ഥാ പ്രവചനങ്ങൾ വഹിക്കുന്ന പങ്ക്** എന്ന വിഷയത്തിലും കൊട്ടാരക്കര സദാനന്ദപുരത്തെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് സെമിനാർ ഉണ്ടായിരിക്കുന്നതാണ്.

6. ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ഈ മാസം 15,16 (നവംബർ 15,16) തീയതികളിൽ **തേനീച്ചവളർത്തൽ** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ സൗജന്യപരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന താൽപര്യമുള്ള കർഷകർക്ക് രണ്ടു ദിവസത്തെ തുടർ ഫീൽഡ്തല പരിശീലനവും, 3 ദിവസത്തെ തേനധിഷ്ഠിത ഉൽപന്ന നിർമ്മാണ പരിശീലനവും, ഖാദി ബോർഡിൽ നിന്നും സംരംഭകത്വ സബ്സിഡിയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447970373** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ചെമ്മലമറ്റം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 16-ന് രാവിലെ 10 മണി മുതൽ പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ ഈ പരിപാടിയിൽ ബോധവത്ക്കരണം നടത്തുന്നു.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ പരിശീലനം നടത്തുന്നു. നവംബർ 24 മുതൽ 26 വരെ കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ചു നടക്കുന്ന പരിശീലനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്ട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഓഫീസുമായി ബന്ധപ്പെടേണ്ട ഇ-മെയിൽ: training@rubberboard.org.in

**കാർഷിക നിർദ്ദേശങ്ങൾ**

9. തെങ്ങിൽ **ചെന്നീരൊലിപ്പ് രോഗം** വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക. അല്ലെങ്കിൽ **ഹെക്സാകൊണാസോൾ/കോൺടാഫ്** 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുക. ഒരു മാസത്തിനു ശേഷം 5 കി.ഗ്രാം **ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്** 500 ഗ്രാം വീതം **സൂക്ഷ്മ മൂലക മിശ്രിതം** എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. രോഗം സ്ഥിരമായി കാണുന്ന ഇടങ്ങളിൽ കുമിൾ നാശിനി തടത്തിൽ കുതിർക്കുന്നത് നാല് മാസ ഇടവേളകളിൽ ആവർത്തിക്കുക.